# Protest against U.S. occupation of Iraq

By Our Staff Reporter

KOCHI, MARCH 20. A large number of young men and women joined hands at several places in the city today, condemning the "imperialistic policies" of the United States Government on the occasion of the first anniversary of the Iraqi invasion by the U.S.-led troops.

Police arrested 30-odd activists of the Solidarity, the youth wing of the Jamat-e-Islami, who took out a protest demonstration from Padma Junction in the afternoon. The police stopped the procession at the KPCC Junction and rounded up the protesters for violation of a court order. They were let off later in the evening.

Similar protest demonstrations were held in the other parts of the city. About 100 persons took part in a rally organised by the SUCI. V.A. Saleem, area president of the Solidarity, criticised the police action saying that even in the U.S., which is condemned for its aggression on Iraq, there is freedom to protest.

A mass signature campaign was organised by the Design & People, a city-based organisation of creative professionals, at Marine Drive. K.K. Narendran, former judge of the Kerala High Court, inaugurated the campaign. Among those who spoke on the occasion were C.R. Neelakantan Namboothiri, Ananda Soorya, Geo Jose, all environmentalists, and K.S. David, psychiatrist. Yesudasan, cartoonist, also attended the function.

People signed on a 10-metre-long white cloth, registering their protest against the U.S. action. Among those signed were a few European tourists.




**A foreigner endorses a campaign organised by Design & People demanding the withdrawal of the U.S.-led forces from Iraq, in the city on Saturday.** Photo: Vipin Chandran

THE HINDU, Sunday, March 21, 2004

മലയാള മനോരമ 2004 മാർച്ച് 21 ഞായർ



ഇറാഖിൽ നിന്ന് അമേരിക്കയും ബ്രിട്ടനും പിന്മാറണമെന്നാവശ്യപ്പെട്ട് അധിനിവേശത്തിന്റെ ഒന്നാം വാർഷികത്തിൽ ഡിസൈൻ ആൻഡ് പീപ്പിൾ കൊച്ചിയിൽ സംഘടിപ്പിച്ച ഒപ്പുശേഖരണം ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. കാർട്ടൂണിസ്റ്റ് യേശുദാസൻ, സുകുദാസ്, ആനന്ദ സൂര്യ, സേതുദാസ് എന്നിവർ സമീപം.

# ഒപ്പുശേഖരണം നടത്തി

കൊച്ചി: അമേരിക്കയുടെ ഇറാഖ് അധിനിവേശത്തിന്റെ ആദ്യ വാർഷിക ദിനത്തിൽ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ പ്രതിഷേധം ആചരിച്ചു. 'ഡിസൈൻ ആൻഡ് പീപ്പിൾ' എന്ന സംഘടന 'അമേരിക്ക ഇറാഖ് വിടുക' എന്ന മുദ്രാവാക്യമുയർത്തി ഒപ്പുശേഖരണം നടത്തി. മേനക ജംക്ഷനിൽ 15 മീറ്റർ നീളമുള്ള തുണിയിൽ നടത്തിയ ഒപ്പുശേഖരണം ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഡിസൈൻ ആൻഡ് പീപ്പിൾ കോ–ഡയറക്ടർ സേതുദാസ് അധ്യക്ഷത വഹിച്ചു. പരിസ്ഥിതി പ്രവർത്തകൻ സി.ആർ. നീലകണ്ഠൻ നമ്പൂതിരി, ജലാരണ്യ പ്രസിഡന്റ് ആനന്ദ് സൂര്യ, ഡോ. കെ.എസ്. ഡേവിഡ്, ജിയോ ജോസ്, ബെന്നി ജോസഫ് പ്രസംഗിച്ചു.



ഇറാക്കിലെ അമേരിക്കൻ-ബ്രിട്ടീഷ് അധിനിവേശത്തിന്റെ ഒന്നാം വാർഷിക ദിനമായ ഇന്ന് രാവിലെ ഡിസൈൻ ആന്റ് പീപ്പിൾ എന്ന സംഘടന ഇറാക്കിൽ നിന്ന് അധിനിവേശ സേന ഒഴിഞ്ഞു പോകുക, യുദ്ധങ്ങൾ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് എറണാകുളം മേനക ജംഗ്ഷനിൽ ഒപ്പുശേഖരണം നടത്തിയപ്പോൾ. സമീപത്ത് സാമ്രാജ്യത്വ കഴുകന്റെ പ്രതീകം. -കൈരളി


# സായാഹ്ന കൈരളി

2004 മാർച്ച് 20 ശനി

മാധ്യമം



ഡിസൈൻ ആൻറ് പീപ്പിളിന്റെ ആഭിമുഖ്യത്തിൽ ഇറാഖിലെ ജനതക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മേനക ജംഗ്ഷനിൽ നടത്തിയ ഒപ്പുശേഖരണം

മാതൃഭൂമി • 2004 മാർച്ച് 21 • ഞായറാഴ്ച

# അധിനിവേശത്തിനെതിരെ നാടെങ്ങും പ്രതിഷേധം

**കൊച്ചി:** ഇറാഖ് ദിനാചരണത്തിന്റെ ഭാഗമായി ഡിസൈൻ ആൻഡ് പീപ്പിൾ സംഘടന പൊതു സമ്മേളനവും ഒപ്പുശേഖരണവും നടത്തി. ശനിയാഴ്ച മേനക ബസ്സ്റ്റോപ്പിനടുത്ത് നടന്ന ചടങ്ങിൽ ഇറാഖി ജനതയ്ക്ക് പിന്തുണ പ്രഖ്യാപിച്ചു നടത്തിയ ഒപ്പുശേഖരണത്തിന്റെ ഉദ്ഘാടനം ജസ്റ്റിസ് നരേന്ദ്രൻ നിർവഹിച്ചു. ഒപ്പുകൾ അമേരിക്കൻ എം.ബസിക്ക് അയച്ചുകൊടുക്കുമെന്ന് സംഘടനഭാരവാഹികൾ പറഞ്ഞു.

സി.ആർ. നീലകണ്ഠൻ, ആനന്ദസൂര്യ,ജിയോജോസ് തുടങ്ങിയവർ പ്രസംഗിച്ചു. എസ്.യു.സി.ഐയും ഓൾ ഇന്ത്യാ ആൻറി ഇംപീരിയലിസ്റ്റ് ഫോറവും സംയുക്തമായി പ്രതിഷേധ മാർച്ച് നടത്തി. എബ്രഹാം പുതുശേരി ഉദ്ഘാടനം ചെയ്തു.എസ്.യു.സി.ഐ. ജില്ലാ സെക്രട്ടറി ടി.കെ. സുധീർകുമാർ അധ്യക്ഷനായി. ആൻറി ഇംപീരിയലിസ്റ്റ് ഫോറം ജില്ലാ കൺവീനർ എൻ.ആർ. മോഹൻകുമാർ, ഫ്രാൻസിസ് കളത്തുങ്കൽ , എ.ഐ. ഡി.വൈ.ഒ. സംസ്ഥാന നേതാവ് പാർഥസാരഥിവർമ, അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന ജില്ലാ പ്രസിഡണ്ട് കെ.ഇന്ദിര,ബാനർ സാംസ്കാരിക സമിതി ജില്ല കൺവീനർ അഡ്വ:പത്തിമല ബാലകൃഷ്ണൻ എ.ഐ. ഡി.എസ്. ഒ. ജില്ലാ പ്രസിഡണ്ട് സുധീർ കെ.ഒ എന്നിവർ സംസാരിച്ചു. എസ്.എസ്.എഫ്. അധിനിവേശ വിരുദ്ധ ദിനം ആചരിച്ചു. വിവിധ കേന്ദ്രങ്ങളിൽ മാർച്ച് നടത്തി. എറണാകുളത്ത് ലിസി കവലയിൽ നിന്നാരംഭിച്ച മാർച്ച് കലൂർ ബസ്സ്റ്റാൻറ് പരിസരത്ത് സമാപിച്ചു. സമാപന സമ്മേളനം ജില്ലാ സെക്രട്ടറി ഷാനവാസ് ഉദ്ഘാടനം ചെയ്തു. ഷാജഹാൻ സഖാഫി അധ്യക്ഷതവഹിച്ചു. നവാസ് വാഴക്കാല സ്വാഗതവും അമീർ പൊൻമംഗലം നന്ദിയും പറഞ്ഞു. ഇറാഖ് അധിനിവേശ വിരുദ്ധ സമിതി പാലാരിവട്ടം കവലയിൽ പ്രതിഷേധയോഗം നടത്തി. പോരാട്ടം സംസ്ഥാന പ്രസിഡണ്ട് അഡ്വ. വി.ജെ. മാനുവൽ അധ്യക്ഷത വഹിച്ചു.

2004 മാർച്ച് 21 ഞായർ **മാധ്യമം**

# ഇറാഖ് അധിനിവേശത്തിനെതിരെ സാർവദേശീയ സാമ്രാജ്യത്വവിരുദ്ധ ദിനം ആചരിച്ചു

കൊച്ചി: അമേരിക്കൻ സാമ്രാജ്യത്വത്തിന് ദാസ്യവേല ചെയ്യുന്ന വാജ്പേയി സർക്കാർ സാമ്രാജ്യത്വവിരുദ്ധ പാരമ്പര്യമുള്ള ഇന്ത്യൻ ജനതക്ക് അപമാനമാണെന്ന് ഓൾ ഇന്ത്യാ ആൻറി ഇംപീരിയലിസ്റ്റ് യോഗം ജില്ലാ കമ്മിറ്റിയംഗം എബ്രഹാം പുതുശ്ശേരി പ്രസ്താവിച്ചു. ഇറാഖിൽ അമേരിക്കൻ സേന അധിനിവേശം നടത്തിയതിൻെറ ഒന്നാം വാർഷികത്തോടനുബന്ധിച്ച് എസ്.യു.സി.ഐയും ഓൾ ഇന്ത്യാ ആൻറി ഇംപീരിയലിസ്റ്റ് ഫോറവും സംയുക്തമായി സംഘടിപ്പിച്ച പ്രതിഷേധ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോക മുതലാളിത്തത്തിൻെറ സാമ്പത്തിക താൽപര്യങ്ങളാണ് യുദ്ധങ്ങൾക്ക് കാരണമെന്ന് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച എസ്.യു.സി.ഐ ജില്ലാ സെക്രട്ടറി ടി.കെ. സുധീർകുമാർ പറഞ്ഞു.

ആൻറി ഇംപീരിയലിസ്റ്റ് ഫോറം ജില്ലാ കൺവീനർ എൻ.ആർ. മോഹൻകുമാർ, ഫ്രാൻസിസ് കളത്തുങ്കൽ, എ.ഐ.ഡി.വൈ.ഒ. സംസ്ഥാന നേതാവ് പാർഥസാരഥി വർമ, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ജില്ലാ പ്രസിഡൻറ് കെ. ഇന്ദിര, ബാനർ സാംസ്കാരിക സമിതി ജില്ലാ കൺവീനർ അഡ്വ. പഞ്ഞിമല ബാലകൃഷ്ണൻ, എ.ഐ.ഡി.എസ്.ഒ ജില്ലാ പ്രസിഡൻറ് കെ.ഒ. സുധീർ എന്നിവർ സംസാരിച്ചു.

ഇറാഖ് അധിനിവേശം ലോകത്തിനുനേരെയുള്ള വെല്ലുവിളിയാണെന്ന് സി.പി.ഐ ജില്ലാ സെക്രട്ടറി ഗുണ്ടക്കയം സദാശിവൻ പറഞ്ഞു. ഐപ്സോയുടെ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ എറണാകുളം ബോട്ട് ജെട്ടിക്ക് സമീപം നടന്ന ഇറാഖ് ഐക്യദാർഢ്യ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രൊഫ. കെ. അരവിന്ദാക്ഷൻ അധ്യക്ഷത വഹിച്ചു. കെ.ജി. കോമളൻ, എം. എബ്രഹാം, അഡ്വ. ഇ.എം. സുനിൽകുമാർ എന്നിവർ സംസാരിച്ചു. ഡയലോഗ് ആൻറ് പീപ്പിൾ എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ ഇറാഖി ജനതയെ പിന്തുണക്കാൻ മേനക ജംഗ്ഷനിൽ ഒപ്പുശേഖരണം നടത്തി. സമൂഹത്തിൻെറ വിവിധ തുറകളിലുള്ള നൂറുകണക്കിനുപേർ വലിയ കാൻവാസിൽ ഒപ്പുകൾ രേഖപ്പെടുത്തി.

ഇറാഖ് അധിനിവേശത്തിൻെറ വാർഷികം എസ്.എസ്.എഫ് അധിനിവേശവിരുദ്ധ ദിനമായി ആചരിച്ചു. എറണാകുളത്ത് ലിസി ജംഗ്ഷനിൽനിന്നാരംഭിച്ച പ്രകടനം കലൂർ ബസ്സ്റ്റാൻറ് പരിസരത്ത് അവസാനിച്ചു. സമാപനസമ്മേളനം ജില്ലാ സെക്രട്ടറി ഷാനവാസ് പറവൂർ ഉദ്ഘാടനം ചെയ്തു. ഷാജഹാൻ സഖാഫി അധ്യക്ഷത വഹിച്ചു. നവാസ് വാഴക്കാല സ്വാഗതവും അമീർ പൊന്നാരിമംഗലം നന്ദിയും പറഞ്ഞു.

**മട്ടാഞ്ചേരി:** ഇറാഖ് അധിനിവേശത്തിനെതിരെ സോളിഡാരിറ്റി കൊച്ചി ഏരിയയുടെ ആഭിമുഖ്യത്തിൽ പ്രകടനം നടത്തി. വൈകുന്നേരം ഏഴിന് ചുള്ളിക്കൽ ബിലാൽ മസ്ജിദിന് സമീപത്തുനിന്ന് പുറപ്പെട്ട റാലി എട്ടിന് ചെറളായ് കടവിൽ സമാപിച്ചു. ഏരിയാ പ്രസിഡൻറ് പി.എ. അസീസ്, സെക്രട്ടറി കെ.എസ്. മെഹബൂബ്, ജില്ലാസമിതിയംഗം എം.എ. അബ്ദുൽറഹീം, നിസാർ മമ്മു, എസ്.എം. ആഷിക്, വി.പി. ഈസ, എം.കെ. നവാസ്, കെ.എ. അഷ്കർ, കെ.എം. അസ്ഹർ എന്നിവർ നേതൃത്വം നൽകി.

## പ്രതിഷേധിച്ചു

**തോപ്പുംപടി:** സമാധാനപരമായി പ്രകടനം നടത്തുകയായിരുന്ന സോളിഡാരിറ്റി പ്രവർത്തകരെ പോലിസ് അറസ്റ്റ് ചെയ്തതിൽ സോളിഡാരിറ്റി യൂത്ത് മൂവ്മെൻറ് കൊച്ചി ഏരിയാ പ്രസിഡൻറ് പി.എ. അസീസ് പ്രതിഷേധിച്ചു.

സാമ്രാജ്യത്വ ശക്തികൾ ഇറാഖ് ആക്രമിച്ചതിൻെറ ഒന്നാം വാർഷിക ദിനത്തിൽ ഇറാഖി ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സംസ്ഥാന വ്യാപകമായി നടത്തുന്ന പ്രകടനത്തിൻെറ ഭാഗമായാണ് എറണാകുളത്ത് നടന്നത്. മാർഗ തടസ്സം സൃഷ്ടിച്ചെന്ന പേരിലാണ് പോലിസ് പ്രകടനക്കാരെ അറസ്റ്റ് ചെയ്തത്. ഇതിനെക്കാൾ ശക്തമായ അനവധി പ്രകടനങ്ങളും നഗരത്തിൽ മണിക്കൂറുകളോളം ഗതാഗതതടസ്സമുണ്ടാക്കിയിട്ടും പോലിസ് നടപടിയെടുത്തിട്ടില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

**കോഴിക്കോട്:** സോളിഡാരിറ്റി പ്രവർത്തകരെ അറസ്റ്റ് ചെയ്തതിൽ സോളിഡാരിറ്റി ജനറൽ സെക്രട്ടറി ഹമീദ് വാണിയമ്പലം പ്രതിഷേധിച്ചു. ഇത്തരം അറസ്റ്റുകളിലൂടെ സോളിഡാരിറ്റി പ്രവർത്തകരുടെ സമരവീര്യം കെടുത്തിക്കളയാമെന്നും പ്രതിഷേധങ്ങളെ നിർവീര്യമാക്കാമെന്നുമുള്ള അധികാരികളുടെ ധാരണ വ്യാമോഹം മാത്രമാണെന്ന് അദ്ദേഹം പറഞ്ഞു.